"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇ-ശ്രം രജിസ്ട്രേഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പരസ്യ പ്രചരണം നടത്തുന്നതിനായി അനുവദിച്ച തുക സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിരുന്ന രീതിയിൽ നിന്നും വകമാറ്റി ഉപയോഗിച്ചതിന് സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.465/2024/LBR തീയതി,തിരുവനന്തപുരം, 27-03-2024

---

പരാമർശം:-
1. 26.11.2021 ലെ സ.ഉ (സാധാ) നം.1363/2021/തൊഴിൽ.
2. ലേബർ കമ്മീഷണറുടെ 12.03.2024 ലെ LCO/6272/2022/W(4) നമ്പർ കത്ത്

**ഉത്തരവ്**

ഇ-ശ്രം പദ്ധതിയുടെ പരസ്യ പ്രചരണ പ്രവർത്തനങ്ങൾക്കായി, 3 ദിനപത്രങ്ങളിൽ പരസ്യം പ്രസിദ്ധീകരിക്കുന്നതിന് 7,71,834/-രൂപ പബ്ലിസിറ്റി ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനും ഇ-ശ്രം ഫണ്ടിൽ കേന്ദ്ര സർക്കാരിന്റെ തുക ലഭ്യമാകുന്ന മുറയ്ക്ക് ടി തുക റീ ക്ലൂപ്പ് ചെയ്യുന്നതിനും പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു.

2. എന്നാൽ സർക്കാർ ഉത്തരവിൽ പറയുന്ന പ്രകാരം പത്രപരസ്യങ്ങൾ നൽകിയിട്ടില്ല എന്നും സർക്കാർ അനുമതിയിൽ നിന്നും വ്യത്യസ്തമായി പോസ്റ്ററുകൾ അച്ചടിക്കൽ, എഫ്.എം. റേഡിയോയിൽ പരസ്യം ചെയ്യൽ എന്നിവയ്ക്കായാണ് പരസ്യ ഇനത്തിൽ തുക ചെലവഴിച്ചതെന്നും ടി നടപടി സാധുകരിച്ച് നല്കണമെന്നും പബ്ലിസിറ്റി ശീർഷകമായ 2230-01-103-84-P-ൽ നിന്നും ചെലവഴിച്ച 7,32,110/- രൂപ (ഏഴ് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി ഒരുനൂറ്റി പത്ത് രൂപ മാത്രം) ഇ-ശ്രം പദ്ധതിയ്ക്കായി അനുവദിച്ചിട്ടുള്ള 50 ലക്ഷം രൂപയിൽ അവശേഷിക്കുന്ന തുകയായ 8,33,984/- രൂപയിൽ നിന്ന് റീക്ലൂപ്പ് ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്നും ലേബർ കമ്മീഷണർ അഭ്യർത്ഥിച്ചു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഇ-ശ്രം പദ്ധതിയുടെ പരസ്യ പ്രവർത്തനങ്ങൾക്കായി പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പട്ടികയിലുള്ള ജി.എഫ് പത്രങ്ങളായ മലയാള മനോരമ, മാതൃഭൂമി, ദേശാഭിമാനി എന്നീ പത്രങ്ങളിൽ പരസ്യം നല്കുന്നതിനുള്ള പരാമർശം (1) ഉത്തരവിൽനിന്നും വ്യത്യസ്തമായി പോസ്റ്ററുകളിലൂടെയും എഫ്.എം റേഡിയോയിലൂടെയും 7,32,110/- രൂപ (ഏഴു ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി ഒരുനൂറ്റി പത്ത് രൂപ മാത്രം) ചെലവിൽ പരസ്യ പ്രചരണം നടത്തിയ ലേബർ കമ്മീഷണറുടെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. കൂടാതെ ഇ-ശ്രം പോർട്ടലിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ച 50,00,000/- രൂപ യുടെ ചെലവ് സംബന്ധിച്ച വിനിയോഗ സർട്ടിഫിക്കറ്റ് ലേബർ കമ്മീഷണർ സമയ ബന്ധിതമായി സർക്കാരിന് നല്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്ധ്യ എസ് ആർ
അണ്ടർ സെക്രട്ടറി

ലേബർ കമ്മീഷണർ. തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Umadevi k b
Date: 27-03-2024 16:20:41

സെക്ഷൻ ഓഫീസർ

പകർപ്പ്-

ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
തൊഴിൽ വകുപ്പ് സെക്രട്ടറിയുടെ സി.എ
ജോയിന്റ് സെക്രട്ടറിയുടെ സിഎ